പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1962 26-10-2026-ൽ മറുപടിയ്ക്ക്

ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കെ. കെ. രാമചന്ദ്രൻ	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പഠനപരിമിതികളുള്ള കുട്ടികളുടെ ഐ.ക്യു ടെസ്റ്റ് നടത്തുന്നതിന് വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് സർക്കാർ മേഖലയിൽ നിലവിലുള്ളതെന്നും ഇതുമൂലം രക്ഷിതാക്കൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

മറുപടി: പഠന വൈകല്യമുള്ള കുട്ടികൾക്ക് പരിശോധനകൾ ഡിസെബിലിറ്റി ബോർഡുകൾ വഴി നടത്തി ആവശ്യമുള്ള കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. ഇത്തരത്തിൽ ആവശ്യമുള്ളപ്പോഴൊക്കെ തന്നെയും പഠന വൈകല്യത്തിനുള്ള ബോർഡുകൾ കൂടുകയും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്. ഡിസെബിലിറ്റി ബോർഡുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്.

RPwD ആക്ട് പ്രകാരം കുട്ടികളെ എട്ട് വയസ്സുള്ളപ്പോൾ അതാത് സ്കൂളുകളിൽ തന്നെ ടീച്ചർമാർ സ്ക്രീൻ ചെയ്യുകയും ബുദ്ധിമുട്ട് കണ്ടെത്തുന്ന കുട്ടികളെ സ്കൂൾ അധികൃതർ പഠന വൈകല്യ നിർണ്ണയത്തിനായി ഡിസെബിലിറ്റി ബോർഡിലേയ്ക്ക് അയക്കേണ്ടതുമാണ്. സൈക്യാടിസ്റ്റ്, പീഡിയാട്രീഷ്യൻ, ക്ലിനിക്കൽ/റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് എന്നിവരാണ് പഠന വൈകല്യ നിർണ്ണയത്തിനുള്ള ഡിസെബിലിറ്റി ബോർഡിലെ അംഗങ്ങൾ. പഠന വൈകല്യമുണ്ടെന്നു കണ്ടെത്തുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പ്രത്യേക പരിശീലനം നൽകുകയും, പതിനാല് വയസാകുമ്പോൾ വീണ്ടും ഡിസെബിലിറ്റി ബോർഡിലെയ്ക്ക് അയച്ച് പഠന വൈകല്യ നിർണ്ണയം നടത്തേണ്ടതുമാണ്. ഇത്തരത്തിൽ പരിശീലനത്തിന് ശേഷവും പഠന വൈകല്യം നിലനിൽക്കുന്ന കുട്ടികൾക്ക് പഠന വൈകല്യ സർട്ടിഫിക്കറ്റുകൾ നൽകുകയും അതിൻ പ്രകാരം പരീക്ഷയിൽ ഇളവുകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്. RPwD ആക്ട് പ്രകാരമുള്ള മേൽപ്പറഞ്ഞ കാര്യങ്ങൾ വിദ്യാഭ്യാസവകുപ്പ് സമയബന്ധിതമായി ഉറപ്പുവരുത്തിയാൽ അനാവശ്യ തിരക്കുകൾ ഒഴിവാക്കുകയും രക്ഷിതാക്കളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും.

(ബി) സാമൂഹികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രിയുൾപ്പടെയുള്ള സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, സൈക്യാടിസ്റ്റുകൾ ഇല്ലാത്ത താലൂക്ക് ആശുപത്രികളിലുമായി 300 മാനസികാരോഗ്യ ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിപാടി വഴി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മാസംതോറും നടത്തിവരുന്നു. സൈക്യാടിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാടിക്ക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ ടീമിന്റെ

സേവനമാണ് ഇത്തരത്തിൽ മാസംതോറും ലഭ്യമാകുന്നത്. മനോരോഗ ഔഷധചികിത്സ, മനഃശാസ്ത്ര ചികിത്സ, സാമൂഹ്യ-പുനരധിവാസ ചികിത്സ എന്നിവ ഇത്തരത്തിൽ സാമൂഹ്യആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. അൻപതിനായിരത്തോളം മാനസിക രോഗികൾക്ക് ഇത്തരത്തിൽ ചികിത്സയും തുടർ ചികിത്സയും ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.

സംസ്ഥാനത്ത് ആരോഗ്യവകുപ്പിൽ നിലവിലുള്ള തസ്തികകൾക്ക് പുറമേ മൂന്ന് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ കൂടി, 25.09.2026 ലെ സ.ഉ.(കൈ) നം.298/2026/H&FWD പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലാ ആശുപത്രി, തൃശ്ശൂർ മെന്റൽ ഹോസ്പിറ്റൽ, വിവിധ താലൂക്ക് ആശുപത്രികൾ എന്നിവയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> തൃശ്ശൂർ ഹാപ്പിനെസ്സ് & വെൽനെസ്സ് സെന്ററിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തിക നിലവിലുണ്ട്. ഇതിനുപുറമേ തൃശ്ശൂർ District Early Intervention Centre (DEIC), മാനസികാരോഗ്യ പരിപാടി എന്നിവയിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്.

സെക്ഷൻ ഓഫീസർ